GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 14/08/2026

1) കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല കർഷക ദിനാചരണവും അവാർഡ് വിതരണവും ചിങ്ങം 1 – ആഗസ്റ്റ് 17 രാവിലെ 9.30 ന് എറണാകുളം കളമശ്ശേരി ആഷിസ് കൺവെൻഷൻ സെന്ററിൽ വെച്ച് നടത്തുന്നു. കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി സിദ്ധിഖ് അധ്യക്ഷത വഹിക്കുന്ന ഈ ചടങ്ങിന്റെ ഉദ്ഘാടനം കേരള മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ നിർവ്വഹിക്കുന്നതാണ്. മത്സ്യ ബന്ധന സാമൂഹിക നീതി വകുപ്പ് മന്ത്രി അബ്ദുൾ ഗഫൂർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ, ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അനൂപ് ജേക്കബ്, MP മാർ, MLA മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്,

കോർപ്പറേഷൻ മേയർ, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കും.

2) മിത്രനികേതന്റെ എഴുപതാം വാർഷികത്തോടനുബന്ധിച്ച് 2026 ഓഗസ്റ്റ് 18 മുതൽ 20 വരെ വെള്ളനാട് മിത്രനികേതൻ കാമ്പസിൽ **"മിത്ര അഗ്രിഫെസ്റ്റ് 2026"** എന്ന പേരിൽ മൂന്ന് ദിവസത്തെ കാർഷിക പ്രദർശന – വിപണന മേള സംഘടിപ്പിക്കുന്നു. 2026 ഓഗസ്റ്റ് 18 ന് വൈകുന്നേരം 3.00 മണിക്ക് വെള്ളനാട് മിത്രനികേതൻ ക്യമ്പസിൽ വെച്ച് കൃഷി വകുപ്പ് മന്ത്രി അഡ്വ: ടി.സിദ്ദിഖ് ഉദ്ഘാടനം നിർവ്വഹിക്കും. കൃഷി, മൃഗസംരക്ഷണം, കാർഷിക സംരംഭകത്വം, നൂതന കാർഷിക സാങ്കേതികവിദ്യകൾ എന്നിവയിലെ ഏറ്റവും പുതിയ മാതൃകകളും സാധ്യതകളും പൊതു ജനങ്ങൾക്ക് പരിചയപ്പെടുത്തുന്ന വേദിയായിരിക്കും ഈ അഗ്രിഫെസ്റ്റ്. താഴെപ്പറയുന്ന വിഷയങ്ങളെക്കുറിച്ചുള്ള പരിശീലന ക്ലാസ്സുകൾ ആഗസ്റ്റ് 18, 19 ന് സംഘടിപ്പിക്കുന്നു.

**1) സ്മാർട്ട്ഫോണിലെ എ. ഐ (നിർമ്മിത ബിദ്ധി) സംവിധാനങ്ങൾ കൃഷിക്ക് എങ്ങനെ പ്രയോജനപ്പെടുത്താം**

**2) തേനീച്ച വളർത്തലും തേനിന്റെ മൂല്യ വർദ്ധിത ഉത്പന്നങ്ങളും**

3) മില്ലറ്റ്, ചക്ക വിഭവങ്ങൾ തയ്യാറാക്കൽ

4)ജൈവവള നിർമ്മാണം

5) കൂൺ കൃഷിയും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും

6) ബേക്കറി ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ

7) പോട്ടറി പരിശീലനം / ക്ലേ മോഡലിങ്ങ്

കൂടുതൽ വിവരങ്ങൾക്ക് 8281114470 / 9446701529 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

3) കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ വിവിധയിനം നടീൽ വസ്തുക്കളും (ചക്ക, മാങ്ങ , പേര, സപ്പോട്ട ) പച്ചക്കറി വിത്തുകളും ലഭ്യമാണ് . കൂടുതൽ വിവരങ്ങൾക്ക് 0487 2961457/8281651457 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

4) ഇടുക്കി കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ, കാർഷിക യന്ത്രവത്ക്കരണ ഉപ പദ്ധതി ( SMAM ) ടെക്നിക്കൽ അസിസ്റ്റൻറ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 31.08.2026

തീയതിയിൽ 2.00 PM ന്റെ വാക്ക് – ഇൻ – ഇൻററർവ്യൂ നടത്തുന്നു. ബി. ടെക് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് യോഗ്യതയുള്ള SC വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി, മുൻപരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന അസൽ രേഖകളും അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, പാസ്സ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം തൊടുപുഴയിലുള്ള ഇടുക്കി ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ ഹാജരാകേണ്ടതാണ്. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡേറ്റ aeeagridk@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 24.08.2026 ന് 5 മണിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9446981320, 9446246671 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

5) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി, തവനൂരിൽ മാത്തമാറ്റിക്സ് വിഭാഗത്തിലെ ഒരു അസിസ്റ്റന്റ് പ്രൊഫസർ ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 20/08/2026 (വ്യാഴാഴ്ച) രാവിലെ 10 മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു.

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ രാവിലെ 9 മണിക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് www.kau.in, kcaet.kau.in എന്നിവ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0494-2686214 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6) വെള്ളായണി കാർഷിക കോളേജിൽ ശീതകാല പച്ചക്കറിയെക്കുറിച്ച് പരിശീലന പരിപാടി ആഗസ്റ്റ് 17 തിങ്കളാഴ്ച സംഘടിപ്പിക്കുന്നു.ആദ്യം രജിസ്റ്റർ ചെ.യ്യുന്ന 40 പേർക്കാണ് അവസരം രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും പ്രവൃത്തി ദിവസങ്ങിളിൽ രാവിലെ ഒമ്പതുമുതൽ വൈകിട്ട് 4 വരെ 8891540778 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എൻജിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി (KCAEFT), തവനൂരിലെ B.Tech. (Agricultural Engineering) Regular/RF മോഡ്, B.Tech. (Food Technology) എന്നീ കോഴ്സുകളിലെ നിലവിലുള്ളതും പ്രതീക്ഷിക്കുന്നതുമായ ഒഴിവുകളിലേക്ക് ഇന്ന് **2026 ആഗസ്റ്റ് 14-ന് രാവിലെ 10.00 മണിക്ക്** കോളേജിലെ സെമിനാർ ഹാളിൽ **സ്പോട്ട് അഡ്മിഷൻ** നടത്തുന്നു. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് KEAM 2026-ൽ നേടിയ റാങ്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് /

വെയിറ്റിംഗ് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0494 2686214 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.